കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1 /2005/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –27/11/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)എ.ഡി.സി, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1 /2005/2017തീയതി: 27/11/2017

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 16-02-2017 മുതൽ 23-10-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.10.2017 മുതൽ 31.10 .17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സൈമൺ.കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.ജയകുമാരിഅമ്മ.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജയേഷ്.ജെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രഞ്ജു സുരേഷ് | 1.4.16മുതൽ 31.3.17 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി.എസ്.ശ്രീശുഭ | 1.4.16 മുതൽ 15.6.16FN വരെ |
| | ശ്രീമതി.ആർ.റംലാബീവി (ജോ.ബി.ഡി.ഒ) | 15.6.16FN മുതൽ 16.8.16FN വരെ |
| | ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ | 16.8.16FN മുതൽ 29.9.16 FN വരെ |
| | ശ്രീമതി.ആർ.റംലാബീവി(ജോ.ബി.ഡി.ഒ) | 29.9.16FNമുതൽ 19.10.16വരെ |
| | ശ്രീമതി.സൗമ്യാ ഗോപാലകൃഷ്ണൻ | 20.10.16മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീമതി.ബിജിമോൾ.ഇ.ആർ | 1.4.16 മുതൽ 19.9.16വരെ |
| | ശ്രീ.ബി.വിജയകുമാർ | 20.9.16മുതൽ 31.3.17വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.കെ.എസ് .സുദർശനൻ ആചാരി | 1.4.16 മുതൽ 31.10.16വരെ |
| | ശ്രീ.എബി ഏബ്രഹാം | 1.11.16 മുതൽ 5.12.16 വരെ |
| | ശ്രീമതി.സബിത.പി | 5.12.16മുതൽ 31.3.17 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി.ശ്രീലതക്കുഞ്ഞമ്മ | 1.4.16 മുതൽ 18.8.16വരെ |
| | ശ്രീ.കുരികേശു | 18.8.16മുതൽ |

| | | |
|---|---|---|
| | | 31.3.17 വരെ |
| സി.ഡി.പി ഒ. | ശ്രീമതി.സരള.ജെ | 1.4.16മുതൽ 22.12.16 വരെ |
| | ശ്രീമതി.സുധാമണി.എസ്(ചാർജ്ജ്) | 23.12.16 മുതൽ 31.3.17വരെ |
| വെറ്റിനറി സർജൻ | ഡോ.ഷാഹുൽ ഹമീദ് | 1.4.16മുതൽ 31.3.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സുരേഖാ നായർ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ശ്രീമതി.അസുന്താമേരി | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ,സി എച്ച്.സി,കുളത്തൂപ്പുഴ | ഡോ.ഹരീഷ് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, സി എച്ച്.സി,അഞ്ചൽ | ഡോ.സജീവ് | 1.4.16 മുതൽ 31.3.17 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വി.എൻ.പ്രഭാകരൻ | 1.4.16മുതൽ 31.3.17 വരെ |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 28.5.2016 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 29.7.17 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28.10.17 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) യൂക്കോബാങ്ക് (ഐഎവൈ) പ്ലാൻ അക്കൗണ്ടിലെ നീക്കിയിരിപ്പുതുക 8,42,48,107/-രൂപ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. പകരം പഞ്ചായത്ത് ഫണ്ടിലാണ് മൊത്തമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

2)നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്ക് നൽകിയ തുക ബാലൻസ് ഷീറ്റിലെ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം 1,12,44,000 രൂപയാണ്. എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം 2,16,37,000/- രൂപയാണ്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 107397485

വരവ് - 138719870

ആകെ - 246117355

ചെലവ് - 125557705

നീക്കിയിരിപ്പ്- 120559650

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 36720580 | 36720580 | 36720580 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 12795642 | 12795642 | 12795642 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | 340000 | 340000 | 340000 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2979590 | 2979590 | 2979590 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4621476 | 4621476 | 4621476 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 128560868 | 76 | 57378219 | - | 86 | 44.63 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10000/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം തൃപ്തികരമല്ല. ആവശ്യാധിഷ്ഠിതമല്ലാത്ത വാങ്ങൽ നടത്തുന്നതിനായി തുക ചെലവഴിക്കുന്നു. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ല. ടെണ്ടറും ക്വട്ടേഷനുമില്ലാതെയാണ് വാങ്ങൽ നടത്തുന്നത്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.5.17 | 2015-16 | 28.5.17 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.17 | 2011-12- 2015-16 | |

## ഭാഗം-2

### വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സാംഖ്യ റസീറ്റുകൾ സ്റ്റോക്കിലെടുക്കുന്നില്ല

അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിക്കുന്ന സാംഖ്യ റസീറ്റുകളുടെ സ്റ്റോക്ക് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഇവയിൽ എത്ര എണ്ണം ഉപയോഗിച്ചെന്നോ നീക്കിയിരുപ്പ് എത്രയാണെന്നോ ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.കൂടാതെ ഓഡിറ്റ് കാലയളവിൽ ഉപയോഗിച്ച സാംഖ്യ റസീറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാര്യം കാണിച്ച് നൽകിയ 6/28.10.17നം എൻക്വയറിക്ക് മറുപടിയായി സാംഖ്യ റസീറ്റുകൾ സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. റസീറ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതേണ്ടതും റസീറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം-3

### ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വികലാംഗർക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തില്ല-183180 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്റ്റ് നം-S0055/17

ബിൽ നം.1/16-17/29.03.17 -1601495/-രൂപ
ബിൽ നം.2/16-17/30.03.17 -94560/-രൂപ

നിർവ്വഹണോദ്യോഗസ്ഥൻ-സി.ഡി.പി.ഒ

ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ എന്ന പ്രോജക്ടിനായി കേരള സ്റ്റേറ്റ് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും 1696055 രൂപ മേൽപറഞ്ഞ ര്ട് ബില്ലുകൾ അനുസരിച്ച് മാറി വികലാംഗർക്കുള്ള ഉപകരണങ്ങൾ വാങ്ങുകയുണ്ടായി. എന്നാൽ, വാങ്ങിയ ഉപകരണങ്ങളിൽ നാളിതുവരെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ ബ്ലോക്ക് ഓഫീസ് സമുച്ചയത്തിലും ഐ.സി.ഡി.എസ് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി പ്രാദേശികപരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. വിതരണം ചെയ്യാതെ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വിശദവിവരം ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| ആക്സിലറി ക്രച്ചസ് | 2 | 925 | 1850 |
| വീൽ ചെയർ | 12 | 13590 | 163080 |
| വാക്കർ | 4 | 2950 | 11800 |
| സി.പി.ചെയർ | 1 | 6450 | 6450 |
| ആകെ | | | 183180 |

ആവശ്യമുള്ള ഗുണഭോക്താക്കളെ മെഡിക്കൽ ക്യാമ്പ് നടത്തി നിർണ്ണയിച്ച് ആവശ്യകതയനുസരിച്ചുള്ള ഉപകരണങ്ങളാണ് വാങ്ങേണ്ടിയിരുന്നത്. എന്നാൽ ,ആയതിന് പകരമായി ഉപകരണങ്ങൾ വാങ്ങിയതിന് ശേഷം ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്ന നടപടി പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധവും സർക്കാർ ഫണ്ടിന്റെ ദുരുപയോഗവുമാണ്.

ടി പരാമർശവുമായി ബന്ധപ്പെട്ട് 1/2016-17/26.10.17 പ്രകാരമുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ മരിച്ചുപോയതിനാലും ചില ഗുണഭോക്താക്കൾ ഉപകരണങ്ങൾ ആവശ്യമില്ല എന്ന് അറിയിച്ചതിനാലുമാണ് ഉപകരണങ്ങൾ വിതരണം നടത്താത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത് ഗുണഭോക്താക്കളെ കണ്ടെത്തി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മറുപടിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വിലയായ രൂപ താൽക്കാലികമായി തടസ്സ വയ്ക്കുന്നു. റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ടി ഉപകരണങ്ങൾ വിതരണം ചെയ്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം വികസനഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 3-2 ടെണ്ടറില്ലാതെ അഞ്ചൽ സി.എച്ച്.സി ക്ക് ഫർണീച്ചറുകൾ വാങ്ങി

പ്രോജക്ട് നം.182/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ അഞ്ചൽ സി.എച്ച്.സി

അടങ്കൽ-5,50,000

ചെലവ്-5,50,000(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ-6/16-17 തീ.20.3.17

അഞ്ചൽ സി.എച്ച്.സി ക്ക് ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള പ്രസ്തുത പ്രോജക്ട് പ്രകാരം 5,50,000 രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ഫർണീച്ചറുകൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | വില | ആകെ വില |
|---|---|---|---|---|
| 1 | Executive High back chair | 7 | 8024 | 56168 |
| 2 | Revolving chair | 7 | 5976 | 41832 |
| 3 | Revolving stool | 7 | 2731 | 19117 |
| 4 | Computer chairwith arm | 3 | 3704 | 11112 |
| 5 | Steel Rack(2000x900x300 mm) | 6 | 6968 | 41808 |
| 6 | Steel Rack(2400x900x300 mm) | 15 | 8960 | 134400 |
| 7 | Air port model chair-3 seater | 16 | 10416 | 166656 |
| 8 | Air port model chair- 2 seater | 1 | 8000 | 8000 |
| ആകെ(വാറ്റുൾപ്പെടെ) | | | | 5,50,000 |

മേൽ ഫർണീച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ജി.ഒ(ആർ.ടി)നം.34/2016 എസ്.പി.ഡി തീയതി.13.7.16 പ്രകാരം

സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാവുന്ന ഫർണീച്ചറുകളുടെ ലിസ്റ്റിൽ മേൽ വാങ്ങിയ ഫർണീച്ചറുകൾ ഉൾപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ /31.10.17 നം എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഇത്തരം വാങ്ങലുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-3 പ്രവർത്തനം ആരംഭിക്കാത്ത ഇൻഫർമേഷൻ സെന്ററിന് ഫർണ്ണിച്ചർ വാങ്ങി-തുക തടസ്സപ്പെടുത്തുന്നു

അഞ്ചൽ ബ്ലോക്കിൽ ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനായി എക്സിക്യൂട്ടീവ് കസേര, എക്സിക്യൂട്ടീവ് മേശ, അലമാര, കസേരകൾ, കമ്പ്യൂട്ടർ , പ്രിന്റർ, വയറിംഗ് അനുബന്ധ ചെലവുകൾക്കായി വികസനഫണ്ട് 171475 രൂപ വകയിരുത്തിയതിൽ 170217 രൂപ ബിൽ നം.31/16-17/31.3.17 പ്രകാരം പിൻവലിച്ച് ചെലവഴിച്ചു. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക ക്വോട്ടുചെയ്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്

| ഇനം | എണ്ണം | തുക (നികുതിയുൾപ്പെടെ) |
|---|---|---|
| സ്റ്റീൽ അലമാര | 1 | 10000.43 |
| എക്സിക്യൂട്ടീവ് റിവോൾവിംഗ് ചെയർ | 1 | 8999.70 |
| സ്റ്റീൽ ടേബിൾ | 1 | 8000.12 |
| വിസിറ്റേഴ്സ് ചെയർ | 23@2451 | 66917.2 |
| ആകെ | | 93917 |

കല്ലുങ്കൽ ബ്രദേഴ്സ്,അഞ്ചൽ

| |
|---|
| സാംസങ്എൽ.ഇ.ഡി ടി.വി.@39500 |

പിക്സൽ ടെക്നോളജീസ്,കടയ്ക്കൽ

| ഇനം | എണ്ണം | തുക (നികുതിയുൾപ്പെടെ) |
|---|---|---|
| Acer veriton PC | 1 | 28000 |
| പ്രിന്റർ ലേസർജെറ്റ് | 1 | 8800 |
| ആകെ | | 36800 |

നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത ഇൻഫർമേഷൻ സെന്ററിനായിട്ടാണ് വാങ്ങൽ നടത്തിയത് എന്ന് കാണുന്നു. സാധനങ്ങൾ ഉപയോഗിക്കാത്ത അവസ്ഥയിൽ ബ്ലോക്ക്പഞ്ചായത്ത് സമുച്ചയത്തിൽ കൂട്ടിയിട്ടിരിക്കുന്നതായി ഭൗതികപരിശോധനയിൽ

ബോധ്യപ്പെട്ടു.

ടി പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെക്കൊടുക്കുന്നു.

1. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

2.ടി.വി വാങ്ങുന്നതിനായി കല്ലുങ്കൽ ബ്രദേഴ്സ് എന്ന സ്ഥാപനത്തിന്റെ 38500 രൂപയുടെ ക്വട്ടേഷനാണ് അംഗീകരിച്ചിരുന്നത്. എന്നാൽ, സ്ഥാപനം സമർപ്പിച്ച ക്യാഷ് ബില്ലിൽ 39500 രൂപ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി തുക സ്ഥാപനത്തിന് നൽകി.പഞ്ചായത്തിന് ഈയിനത്തിൽ 1000 രൂപ നഷ്ടമായി.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.10/30.10.17)മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഐ.എ.വൈ, പി.എം.എ.വൈ പദ്ധതികൾക്കായി പിൻവലിച്ച തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.എ.വൈ, പി.എം.എ.വൈ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | പിൻവലിച്ച തുക | ബിൽ നം/തീയതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | പി.എം.എ.വൈ ജനറൽ 50/17 | 29,12,000 | 15/16-17 24.3.17 | 122 |
| 2 | ഐ.എ.വൈ (എസ്.സി.പി) 51/17 | 73,20,000 | 14/16-17 7.1.17 | 183 |
| 3 | ഐ.എ.വൈ (ടി.എസ്.പി)52/17 | 3,40,000 | 13/16-17 7.1.17 | 17 |
| 4 | പി.എം.എ.വൈ ഭവന നിർമാണം (50/17,194 /17,195/17) | 39,04,000 | 24/16-17 30.3.17 28/16-17 30.3.17 23/16-17 24.3.17 | 122 |
| ആകെ | | 1,44,76,000 | | |

2016-17 വർഷത്തിൽ ആകെ 1,44,76,000 രൂപ മേൽ പദ്ധതികൾക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ യൂക്കോ ബാങ്ക് (അക്കൗണ്ട് നമ്പർ-4506), സ്പെഷൽ ടി.എസ്.ബി (അക്കൗണ്ട് നമ്പർ-7040714000002)എന്നീ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുകയാണ്. പ്രസ്തുത തുക ഭവനനിർമാണത്തിനായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ 18/31.10.17 നമ്പർ എൻക്വയറിക്ക് പഞ്ചായത്ത് മറുപടി നല്കിയിട്ടില്ല. മേൽ രണ്ട് അക്കൗണ്ടുകളിലുമായി പി.എം.എ.വൈ/ഐ.എ.വൈ പദ്ധതികൾക്കായി ലഭിച്ച 8,81,52,107 രൂപ 2016-17

വർഷത്തിൽ നീക്കിയിരുപ്പുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഐ.എ.വൈ വായ്പ- അധികപ്പലിശ നൽകി-പഞ്ചായത്തിന് അധികച്ചെലവ്

അഞ്ചൽ ബ്ലോക്കപഞ്ചായത്ത് 2012-2013ൽ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിനായി മാത്ര, അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിരുന്നു.

മാത്ര സർവ്വീസ് സഹകരണ ബാങ്ക് -1917959

അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്- 1515072

എന്നാൽ, ബാങ്കുകളിൽ നിന്നും വായ്പ തുക പിൻവലിക്കാതെ ഐ.എ.വൈ പ്ലാൻ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു.ഈ സാഹചര്യത്തിൽ 19.10.16 ലെ VIII(1)നം തീരുമാനപ്രകാരം വായ്പ തുക തിരിച്ചടയ്ക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് ബാങ്ക് സെക്രട്ടറിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്.ബി അക്കൗണ്ട് ക്ലോസ്സ് ചെയ്തു.എന്നാൽ,ടി വായ്പയുടെ പലിശ അടയ്ക്കുന്നതിന് 2016-17 വർഷത്തെ പ്രോജക്ട്നം. 2/16-17, ഐ.എ.വൈ.ഭവനപദ്ധതി വായ്പ അധികരിച്ച പലിശ നൽകൽ എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും വകയിരുത്തിയ 500000 രൂപയിൽ 236352 രൂപ അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിലേക്ക് ഡി.ഡി നം.698883/6.1.17 പ്രകാരവും 263648 രൂപ മാത്ര സർവ്വീസ് സഹകരണ ബാങ്കിലേക്ക് ഡി.ഡി നം.698884/6.1.17 പ്രകാരവും നൽകി ലോൺ അക്കൗണ്ട് അവസാനിപ്പിച്ചു. മാത്ര സർവ്വീസ് സഹകരണബാങ്കിൽ പലിശയിനത്തിൽ 69440 രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/30.10.17) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗിക്കാത്ത ലോൺ തുക യഥാസമയം തിരിച്ചടച്ച് ബാങ്ക് അക്കൗണ്ട് അവസാനിപ്പിച്ചിരുന്നെങ്കിൽ അധികചെലവ് ഒഴിവാക്കാമായിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭ്യമാക്കിയില്ല

കുളത്തുപ്പുഴ സി.എച്ച്.സിക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ പണം നൽകിയെങ്കിലും മുഴുവൻ മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭ്യമാക്കിയില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നമ്പർ-58/17

അടങ്കൽ-7,00,000

ചെലവ്-7,00,000(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

കുളത്തുപ്പുഴ സി.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്നതിനുള്ള മേൽ പ്രോജക്ട്പ്രകാരം 7,00,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് (ബിൽ നമ്പർ-1/16-17 തീ.23.1.17)കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. എന്നാൽ 4,63,245 രൂപയുടെ മരുന്നുകൾ മാത്രമാണ് മെഡിക്കൽ സർവീസ് കോർപ്പറേഷൻ നാളിതുവരെ സി.എച്ച്.സി ക്ക് ലഭ്യമാക്കിയത്. സി.എച്ച്.സി ക്ക് കിട്ടാനുള്ള 2,36,755 രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2,36,755 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

2)പ്രോജക്ട് നമ്പർ-145/17

അടങ്കൽ-9,00,000

ചെലവ്-8,99,995(മെയിന്റനന്റ്സ് ഗ്രാന്റ് റോഡിതരം)

കുളത്തൂപ്പുഴ സി.എച്ച്.സി പാലിയേറ്റീവ് കെയർ എന്ന പ്രസ്തുത പ്രോജക്ട്പ്രകാരം പാലിയേറ്റീവ് മരുന്നുകൾ ലഭ്യമാക്കുന്നതിനായി 3,00,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് (ബിൽ നമ്പർ- 3/16-17 തീ.30.3.17)കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവീസ് കോർപ്പറേഷൻ നാളിതുവരെ ആവശ്യപ്പെട്ട മരുന്നുകളൊന്നും സി.എച്ച്.സി ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ പ്രോജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി 5.99.995 രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകി(ബിൽ നം.3/16-17 തീ.30.3.17). ഇവയിൽ 4,36,989 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് മെഡിക്കൽ സർവീസ് കോർപ്പറേഷൻ സി.എച്ച്.സി ക്ക് വിതരണം ചെയ്തത് .1,63,006 രൂപയുടെ പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല.

മരുന്നുകളും പാലിയേറ്റീവ് കെയർ ഉപകരണങ്ങളും എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 4,63,006 (3,00,000+1,63,006) രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-7 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പ്രവൃത്തി നടപ്പാക്കിയതിൽ അപാകതകൾ

ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ കുടിവെള്ള പൈപ്പ് ലെൻ നീട്ടൽ എന്ന പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രൊജക്ട്നം./ പേര് | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി | തുക നൽകിയത് |
|---|---|---|---|---|
| S0001/17 അച്ചൻകോവിലാറിന് വടക്കേക്കര 10-ാം ബ്ലോക്കുമുതൽ ഇച്ചമറ്റിൽ ഭാഗം വരെ കുടിവെള്ള പൈപ്പ് ലെൻ നീട്ടൽ | 500000 | 270000 | 12/16-17/10.3.17 | KWA കൊട്ടാരക്കര |
| S0150/17 ഏരൂർ വിളക്കുപാറ കുടിവെള്ള പൈപ്പ് ലെൻ നീട്ടൽ | 500000 | 500000 | 13/16-17/10.3.17 | KWA കൊട്ടാരക്കര |
| S0174/17 കാരോട്ടുകാവ് പന്തടിമുകൾ കുടിവെള്ള പൈപ്പ് ലെൻ നീട്ടൽ | 300000 | 300000 | 33/16-17/31.3.17 | KWA കൊട്ടാരക്കര |
| ആകെ | | 1070000 | | |

30.7.2014 ലെ സർക്കാർ ഉത്തരവ് ജി.ഒ(പി)നം. 311/14ഫിൻ പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകാവുന്ന സെന്റേജ് ചാർജ്ജ് 8% മാത്രമാണ്.എന്നാൽ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 12.5% സെന്റേജ് ചാർജ്ജ് ഉൾപ്പെട്ടിട്ടുണ്ട്. ആയതുൾപ്പെടെയുള്ള തുകയാണ് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളത്. ടി പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ

എൻക്വയറിക്ക് (നം.13/30.10.17)മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവുതുക 1070000രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടികജാതിവികസന ഓഫീസർ നിർവ്വഹണം നടത്തിയ പഠനമുറി നിർമ്മാണം എന്ന പ്രോജക്ടിനായി 1500000 രൂപ വകയിരുത്തിയതിൽ 600000 രൂപ ചെലവഴിച്ചു.(200000-ബിൽ നം.1/16-17/29.3.17 , 400000-ബിൽ നം.2/16-17/31.3.17) അഞ്ചൽ ബ്ലോക്കിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ 15 പട്ടികജാതി ബി.പി.എൽ കുടുംബത്തിന് പഠനമുറി നിർമ്മിക്കുന്നതിനാണ് തുക വകയിരുത്തിയത്. ടി പ്രോജക്ട് പ്രകാരം 12 ഗുണഭോക്താക്കൾക്കായി ആദ്യഗഡു 50000 രൂപ വീതം നൽകി. എന്നാൽ , രണ്ടാം ഗഡു നൽകി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.3/27.10.17) 8 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കി എന്ന് മറുപടി ലഭ്യമാക്കി. ആയതു സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 600000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

അഞ്ചൽ ബ്ലോക്കിലെ ആർച്ചൽ ഉച്ചിക്കോട് അംഗൻവാടി കെട്ടിടനിർമ്മാണത്തിന് പഞ്ചായത്തു വിഹിതം നൽകുന്നതിനായി 300000 രൂപ(ബിൽ നം.16/16-17/29.3.17) അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 കോൺഗ്രീറ്റ് പ്രവർത്തികൾക്ക് ഉയർന്ന നിരക്ക് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കാത്ത തുക 74085രൂപ

ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പ്വർഷം നിർവ്വഹണം നടത്തിയ റോഡ് കോൺഗ്രീറ്റ് പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ c.c.1:2:4 കോൺഗ്രീറ്റിന് 2014 ലെ ഡി.എസ്.ആർ കോഡ് 4.1.3 പ്രകാരമുള്ള അടിസ്ഥാന നിരക്കയെ 5466.30രുപയുടെ കൂടെ 01 -08 -2015 പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് 1.4762 കൂടി കണക്കാക്കിയ നിരക്കായ 8069.35 രൂപ ക്യൂബിക് മീറ്ററിന് അനുവദിക്കുന്നതിന് പകരം ഡി.എസ്.ആർ കോഡ് 11.7 പ്രകാരമുള്ള അടിസ്ഥാന നിരക്കായ 5759.2രൂപയുടെ കൂടെ കോസ്റ്റ് ഇൻഡക്സ് 1.4762 കൂടി കണക്കാക്കിയ നിരക്കായ 8501.73 രുപയാണ് അനുവദിച്ചരിക്കുന്നത്. മേൽപ്രകാരം കോൺഗ്രീറ്റ് പ്രവർത്തികൾക്ക് നിരക്ക് അനുവദിച്ചത് വഴി ഒരു എം ക്യൂബിന് 432.38 രൂപ വീതം അധികം നൽകിയിട്ടുണ്ട്. ടി നടപടിക്രമം മൂലം ബ്ലോക്ക് പഞ്ചായത്തിന് ആകെ 74085/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിൻെറ വിശദവിവരം താഴെ കൊടുക്കുന്നു.

(1) തഴമേൽ മൂർത്തിക്കാവ് റോഡ് കോൺഗ്രീറ്റിംഗ്.

പ്രോജക്ട് നം. 224/2016 (31/2017).

അടങ്കൽ തുക 5,00,000/രൂപ.

കരാറുകാരൻ .ചന്ദ്രശേഖരകുറുപ്പ്.

കരാർ നം. 17/AEE/LSGD/ ACL/2016-17 dated 15-07 2016.

എം ബുക്ക് നം. 4/2016-17.

ബിൽ നം. 03/2016-17 dated 14-10-2016 Rs.374915.

ടി വർക്കിൻെറ ഇനം മൂന്നായി 23.18$m^3$ c.c.1:2:4 കോൺഗ്രീറ്റ് ചെയ്തിട്ടുണ്ട്.

അനുവദനിയമായ തുക 23.18$m^3$x8069.35=187047.53രുപ

കരാറുകാരന് നൽകിയ തുക 23.18m3x8501.73=197070.10രൂപ

അധികം നൽകിയ തുക 10022.57 രൂപ.ടെണ്ടർ ഡിഡക്ഷൻ 25% കഴിച്ചുള്ള തുക 10022.57 – 2506 =7517/രൂപ.

(2)ചേറ്റുകുഴി -ഏറം റോഡ് കോൺഗ്രീറ്റിംഗ്.
പ്രോജക്റ്റ് നം. 206/2016,
അടങ്കൽ തുക 5,00,000/രൂപ,
കരാറുകാരൻ. അബ്ദുൾമജീദ്,
കരാർനം.04/AEE/LSGD/ACL/2016-17dated21-06-2016
എം.ബുക്ക് നം.17/16 -17,
ബിൽ നം. 18/2016-17 dated 21-11-2016 Rs. 374860.

ടി വർക്കിൻെറ ഇനം മൂന്നായി 22.86$m^3$ c.c.1:2:4 കോൺഗ്രീറ്റ് ചെയ്തിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക 22.86$m^3$x8501.73=194349.54 രൂപ

അനുവദനിയമായ തുക 22.86$m^3$x8069.35=184465.34 രൂപ

അധികം നൽകിയ തുക 9884/രൂപ.ടെണ്ടർ ഡിഡക്ഷൻ 25% കഴിച്ചുള്ള തുക 9884 – 2471 =7413/രൂപ.

(3) ഇടയം - മാടൻമുകൾ റോഡ് -കോൺഗ്രീറ്റിംഗ്,
പ്രോജക്റ്റ് നം. 222/2016,
അടങ്കൽ തുക 5,00,000/രൂപ,
കരാറുകാരൻ . റജി എബ്രഹാം.
കരാർ നമ്പർ 11/AEE/LSGD/ACL/2016-17 dated 15-07 -2016.
എം. ബുക്ക് നം. 06/2016-17.
ബിൽ നം. 01/2016-17dated 15 -07-2016 Rs 368817/രൂപ.

ടി വർക്കിൻെറ ഇനം മൂന്നായി 22.80$m^3$ c.c.1:2:4 കോൺഗ്രീറ്റ് ചെയ്തിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക 22.80$m^3$x8501.73=193839.44 രൂപ.

അനുവദനിയമായതുക 22.80$m^3$x8069.35= 183981.18രൂപ.

അധികം നൽകിയ തുക 9858.26 രൂപ ടെണ്ടർ ഡിഡക്ഷൻ 25% കുറവ് ചെയ്തുള്ള തുക 9858 – 2465=7393/രൂപ.

(4)കിണറുമുക്ക് കമ്പകപ്പണ എസ്.സി കോളനി റോഡ് കോൺഗ്രീറ്റിംഗ്.

പ്രോജക്റ്റ് നം. 121/2016,

അടങ്കൽ തുക 583031/രൂപ.
കരാറുകാരൻ -അബ്ദുൾ മജീദ്.
കരാർ നം. 05/AEE/LSGD/ACL/2015-16 dated 21 -01- 2016.
എം ബുക്ക് നം. 22/16-17.
ബിൽ നം. 22/16-17 dated 13-01-17 Rs. 434757/രൂപ.

ടി വർക്കിൻെറ ഇനം ആറായി 21.11m$^3$ c.c.1:2:4 കോൺഗ്രീറ്റ് ചെയ്യതിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക 21.11m$^3$x8501.52 = 179467/രൂപ

അനുവദനിയമായ തുക 21.11m$^3$x8069.35 = 170343.97/രൂപ

അധികം നൽകിയ തുക 9123/രൂപ. ടെണ്ടർ ഡിഡക്ഷൻ 25%കുറവ് ചെയ്യുള്ള തുക 9123 – 2281 =6842/രൂപ.

(5) മഞ്ഞളറ- ഏല മാമൻമുക്ക് റോഡ് കോൺഗ്രീറ്റിംഗ്. പ്രോജക്റ്റ് നം. s0209/2016
അടങ്കൽ തുക 5,00,000/രൂപ.
കരാറുകാരൻ -അബ്ദുൾറഷീദ് (25% below estimate rate),കരാർ നം.06/AEE/LSGD/ ACL/2016 – 17 dated 21 -06 -2016.
ബിൽ നം. 17/2016 -17 dated 21 -11 -2016 Rs.374915. എം.ബുക്ക് നം. 13/16 – 17.

ടി വർക്കിൻെറ ഇനം മുന്നായി 23.38m$^3$ c.c 1:2:4 കോൺഗ്രീറ്റ് ചെയ്യിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക 23.18m$^3$x8501.73=197070.10

അനുവദനിയമായ തുക 23.18m$^3$x8069.35 = 187047.53

അധികം നൽകിയ തുക =10022.57 രൂപ . ടെണ്ടർ ഡിഡക്ഷൻ 25% കഴിച്ചുള്ള തുക 10022.57 – 2505.93=7517/രൂപ.

(6) മൂലക്കുഴി - അട പ്പൂപാറ റോഡ് കോൺഗ്രീറ്റിംഗ്.
പ്രോജക്റ്റ് നം. 26/2017,
അടങ്കൽ തുക .5,00,000/രൂപ.

കരാറുകാരൻ. സുരേന്ദ്രൻ പിള്ള,(25 %low estimate rate) കരാർ നം. 18/AEE/LSGD/ANL/16-17 dated 15–07 -2016.
ബിൽ നം. 20/2016-17 dated 21 -11 -2016 Rs. 374915. എം .ബുക്ക് നം. 16/2016-17.

ടി വർക്കിൻെറ ഇനം മൂന്നായി 23.18m3 c.c.1:2:4 കോൺഗ്രീറ്റിംഗ് ചെയ്യതിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക 23.18m3x8501.73 =197070.10 രൂപ

അനുവദനിയമായ തുക 23.18m$^3$x8069.35=187047.53 രൂപ

അധികം നൽകിയ തുക 10022.57രൂപ, ടെണ്ടർ ഡിഡക്ഷൻ 25%കഴിച്ചുള്ള തുക -10022.57 – 2505.93=7517/രൂപ.

(7) സെൻറ് ജോർജ് മുച്ചുണ്ണി ഏലാ റോഡ് -കോൺക്രീറ്റിംഗ്, പ്രോജക്റ്റ്നം. 236/17,

അടങ്കൽ തുക 5,00,000/രൂപ.
കരാറുകാരൻ . നിസ്സാറുദീൻ, (25% below estimate rate) കരാർ നം. 09/AEE/LSGD/ANL /2016-17 dated 15 -07 -2016,
ബിൽ നം. 25/2016 17 dated 13 -01 2017 Rs.374915
എം. ബുക്ക് നം. 19/2016 -17.

ടി വർക്കിൻെറ ഇനം മൂന്നായി c.c.1:2:4 കോൺക്രീറ്റിംഗ് 23.18$m^3$ അളവ് ചെയ്യതിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക 23.18m3x8501.73 = 197070.10 രൂപ.

കരാറുകാരന് നൽകേണ്ട തുക 23.18$m^3$x8069.35= 187047.53 രൂപ.

അധികം നൽകിയ തുക 10022.57രൂപ. ടെണ്ടർ ഡിഡക്ഷൻ 25% കഴിച്ചുള്ള തുക 10022.57 – 2505.93=7517/രൂപ.

(8)<u>ഉറുകുന്ന് എൽ.പി.എസ്-പാലവിള റോഡ് കോൺക്രീറ്റിംഗ്,</u>
പ്രോജക്റ്റ് നം. 226/2016,
അടങ്കൽ തുക 5,00,000/രൂപ.
കരാറുകാരൻ. ശിവകുമാർ(25% below estimate rate)കാർ നം. 16/AEE/LSGD/ACL/2015 16 dated 15- 07 2016, ബിൽ നം. 16/2016-17 dated 11- 11- 2016 Rs. 373654/രൂപ.
എം.ബുക്ക് നം. 15/2016-17.

ടി വർക്കിൻെറ ഇനം മൂന്നായി c.c.1:2:4 കോൺക്രീറ്റിംഗ് 23.10$m^3$ അളവ് ചെയ്യതിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക 23.10$m^3$x8501.73=196389.96 രൂപ.

കരാറുകാരന് നൽകേണ്ട തുക 23.10$m^3$x8069.35=186401.98 രൂപ.

അധികം നൽകിയ തുക 9988/രൂപ. ടെണ്ടർ ഡിഡക്ഷൻ 25% കഴിച്ചുള്ള തുക 9988 – 2497=7491/രൂപ.

(9) <u>നെടുമ്പച്ച- ആനപെട്ടകോങ്കൽ റോഡ് കോൺക്രീറ്റിംഗ്</u>. പ്രോജക്റ്റ് നം. 30/2017,
അടങ്കൽ തുക .5,00,000/രൂപ.
കരാറുകാരൻ - അനുരാജ്. ആർ,
കരാർ നം. 08/AEE/LSGD/ANL/2015-16 dated 04-07 -2016.
ബിൽ നം.04/2016-17/ dated 14 -10 -2017 .
എം ബുക്ക് നം. 07/2016-17.

ടി വർക്കിൻെറ ഇനം മൂന്നായി c.c.1:2:4 കോൺക്രീറ്റിംഗ് 23.10$m^3$ അളവ് ചെയ്യതിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക 23.10$m^3$x8501.73=196389.96 രൂപ.

കരാറുകാരന് നൽകേണ്ട തുക 23.10$m^3$x8069.35=186401.98രൂപ

കരാറുകാരന് അധികം നൽകിയ തുക 9988/രൂപ. ടെണ്ടർ ഡിഡക്ഷൻ 25% കഴിച്ചുള്ള തുക 9988 – 2497=7491/രൂപ.

(10) കമ്പകത്തടം - ഇടക്കൊച്ചി റോഡ് കോൺക്രീറ്റിംഗ്. പ്രോജക്ട് നം. എസ്.ഒ. 0024/2015 – 16,
അടങ്കൽ തുക 5,00,000/രൂപ,
കരാറുകാരൻ. വി. എൽ. അനിൽകുമാർ,
കരാർ നം. 52/AEE/LSGD/ACL/2015-16 dated 01-10-2015,
എം. ബുക്ക് നം. 05/16-17,
ബിൽ നം. 02/2016-17 dated 14-10-2016 Rs. 374778/രൂപ.

ടി വർക്കിൻെറ ഇനം. നാലായി c.c.1:2:4 കോൺക്രീറ്റിംഗ് 23.70$m^3$ അളവ് ചെയ്തതിട്ടുണ്ട്. 01-08-2015 ന് മുമ്പ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതിനാൽ ഡി.എസ്.ആർ കോഡ് 4.1.3 ന്റെ അടിസ്ഥാന നിരക്കായ 5466.30 രൂപയെയോടൊപ്പം കോസ്റ്റ് ഇൻഡക്സ് 1.4190 കൂട്ടിയാൽ കിട്ടുന്ന 7756.67 രൂപയാണ് അനവദനിയമായിട്ടുള്ളത്. എന്നാൽ ആയതിന് പകരം ഡി. എസ്. ആർ കോഡ് 11.7 ൻെറ അടിസ്ഥാന നിരക്കായ 5759.2 രൂപയൊടൊപ്പം കോസ്റ്റ് ഓഫ് ഇൻഡക്സ് 1.4190 കൂട്ടിയാൽ കിട്ടുന്ന തുകയായ 8172.30 രൂപ നിരക്കാണ് ഒരു എം ക്യൂബിന് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. മേല്പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ 23.70$m^3$ കോൺക്രീറ്റ് വർക്കിന് അനുവദനിയമായ തുക 23.70x7756.68=183833.31രൂപയാണ്. എന്നാൽ കരാറുകാരന് അനുവദിച്ച തുക 23.70x8172.30=193683.51രൂപ. അധികം അനുവദിച്ച തുക 193683.51 – 183833.31=9850.20 രൂപ. ടെണ്ടർ ഡിഡക്ഷൻ 25% കഴിച്ചുള്ള തുക 9850 – 2463 =7387/രൂപ.

മേൽപറഞ്ഞ 1 മുതൽ 10 വരെയുള്ള ഖണ്ഡികകളിലായി ആകെ 74085/രൂപ (7517 +7413 +7393 +6842+ 7517+ 7517+ 7517 + 7491 +7491 +7387) മേല്പറഞ്ഞ ഫണ്ടുകളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട് . ടി തുക സാങ്കേതികാനുമതി നൽകിയ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കി അതാത് ഫണ്ടുകളിലേയ്ക്ക് ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/16-17/30.10.2017-ന് മറുപടി ലഭ്യമാക്കിയില്ല.

## 3-11 കമ്പകത്തടം ഇടക്കൊച്ചി റോഡ് കോൺഗ്രീറ്റിംഗ് , വർക്ക് സമയബന്ധിതമായി പൂർത്തിയാക്കിയില്ല - ഫൈൻ ഈടാക്കിയിട്ടില്ല 20073/രൂപ നഷ്ടം.

പ്രോജക്ട് നം. S0024/2016,
അടങ്കൽ തുക 5,00,000/രൂപ.
കരാറുകാരൻ. വി. എൽ. അനിൽകുമാർ,
എഗ്രിമെൻെറ് നം. 52/AEELSGD/ACL/2015-16 dated 01 -10 -2015,
എം. ബുക്ക് നം. 05/2016-17, ബിൽ നം. 02/2016-17dated 14 -10 -2016 Rs. 374778/രൂപ.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (പുതുക്കിയത്) സെക്ഷൻ 2112-1 അനുസരിച്ച് കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നേ മരാമത്ത് പൂർത്തികരിക്കേണ്ടത് കരാറുകാരൻെറ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണകാലാവധി വൂർണ്ണമായൊ, ഭാഗികമായൊ കരാറുകാരന്റെ പിഴവ്മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം ഒറിജിനൽ പൂർത്തികരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റൻറ് എഞ്ചിനിയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്.

ദീർഘീകരണം ലഭിക്കാതെ പൂർത്തികരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച് പ്രവർത്തികൾ അനധികൃതമാണ്. ആദ്യ തവണ 1%PAC (probable amount of cntract), mnimum Rs.1000/-MaximumRs 5,00,00/. ആദ്യ തവണക്ക് ശേഷം 2%PAC-minimumRs.2000/- maximum Rs 1 lakh.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ടി വർക്കിൻെറ സൈറ്റ് 01-10-2015 ൽ കരാറുകാരന് കൈമാറിയിട്ടുണ്ട്. മൂന്ന് മാസം കാലാവധിയാണ്. വർക്ക് പൂർത്തീകരണത്തിനായി കരാറുകാരന് അനുവദിച്ചിട്ടുള്ളത് . എന്നാൽ ഫൈനൽ വർക്ക് ബില്ല്, അളവ്പുസ്തകം എന്നിവയനുസരിച്ച് 17-10-2016നാണ് വർക്ക് കംപ്ലീറ്റ് ചെയ്തിരിക്കുന്നത്. കരാർ വ്യവസ്ഥയനുസരിച്ച് ടി വർക്ക് കംപ്ലീറ്റ് ചെയ്യേണ്ടിയിരുന്നത് 31-10-2015 നാണ്, 01-1-2016 മുതൽ 16-10-2016 വരെയുള്ള കാലയളവിലേയ്ക്ക് മേൽപറഞ്ഞതനുസരിച്ചുള്ള ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ടിവർക്കിൻെറ പി.എ.സി തുക 374777/രൂപയാണ്. കരാറുകാരൻ വർക്ക് എക്സ്റ്റൻഷനുവേണ്ടി അപേക്ഷിക്കുകയോ, ടി അപേക്ഷ പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ഫൈൻ ഒഴിവാക്കി നൽകിയിട്ടില്ല.

(1) 01 -01 -2016 മുതൽ 31 -03 -2016 വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയായ 374777/ രൂപയുടെ ഒരു ശതമാനമായ 3748/രൂപ.

(2)01 -04 -2016 മുതൽ 30 -06 -2016 വരെയുള്ള അടുത്ത മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയായ 374777/രൂപയുടെ രണ്ട് ശതമാനമായ7496/രൂപ.
(3)01 -07 -2016 മുതൽ 30 -09 -2016 വരെയുള്ള അടുത്ത മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയായ374777/രൂപയുടെ രണ്ട് ശതമാനമായ 7496/രൂപ.

(4)01 -10 -2016 മുതൽ 16 -10 -2016 വരെയുള്ള 16 ദിവസത്തേയ്ക്ക് പി. എ. സി തുകയായ 374777/രൂപയുടെ രണ്ട് ശതമാനം നിരക്കിൻെറ ആനുപാതിക തുക 1333/രൂപ.

ഫൈൻ ഇനത്തിൽ ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കേണ്ട തുക 20073/രൂപ. ടി തുക കരാറുകാരനിൽ നിന്നോ , ഫൈൻ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നോ ഈടാക്ക് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

## 3-12 പി.എം.എ.വൈ - ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകി

പ്രോജക്ട് നമ്പർ-50/17

നിർവഹണം-സെക്രട്ടറി

അടങ്കൽ-33,92,000

ചെലവ്-29,12,000

ബിൽ നമ്പർ.15/16-17 തീ.24.3.2017

പി.എം.എ.വൈ ഭവന നിർമാണം(ജനറൽ) എന്ന മേൽ പ്രോജക്ടിൽ 91 ഗുണഭോക്താക്കൾക്ക്(ജനറൽ) 29,12,000 രൂപ നൽകുന്നതിന് മേൽ ബില്ല് പ്രകാരം പണം പിൻവലിച്ച് യൂക്കോ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയതിൽ 13

ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി ലഭിക്കേണ്ട തുകയിൽ അധികമായി വിഹിതം നൽകുകയും ചെയ്തിട്ടുണ്ട്. ജനറൽ വിഭാഗത്തിലെ ഈ ഗുണഭോക്താക്കൾക്ക് പട്ടികജാതിക്കാർക്ക് നൽകേണ്ട വിഹിതം രണ്ടാം ഗഡുവായി കൊടുത്തപ്പോഴാണ് ഇങ്ങനെ സംഭവിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | ലീല<br>ബിനുഭവൻ | 80,000 | 1,00,000 | 20,000 |
| 2 | നസീബ ബീവി<br>ഇഞ്ചക്കുഴി | 80,000 | 98,000 | 18,000 |
| 3 | അരുണ കൃഷ്ണൻ<br>കൃഷ്ണാലയം | 80,000 | 1,00,000 | 20,000 |
| 4 | ഹനീഫാ റാവുത്തർ<br>ചാരുവിള<br>പുത്തൻവീട് | 80,000 | 1,00,000 | 20,000 |
| 5 | സുധർമ്മ<br>സുനിതവിലാസം | 80,000 | 1,10,000 | 30,000 |
| 6 | സിബിനസീബ<br>അൽമിനാമൻസിൽ | 80,000 | 98,000 | 18,000 |
| 7 | അനീസിയ<br>ആമിന മൻസിൽ | 80,000 | 1,10,000 | 30,000 |
| 8 | നസൈഫ<br>ഷീബ മൻസിൽ | 80,000 | 1,10,000 | 20,000 |
| 9 | വനജാകുമാരി<br>രേഖഭവൻ | 80,000 | 1,00,000 | 20,000 |
| 10 | ബീന തോംസൺ<br>ചാല്യവിള വീട് | 80,000 | 1,00,000 | 30,000 |

| | | | | |
|---|---|---|---|---|
| 11 | നിസാമുദ്ദീൻ<br>നൗഷാദ് മൻസിൽ | 80,000 | 98,000 | 18,000 |
| 12 | ബീന ബീവി<br>തൻസി മൻസിൽ | 80,000 | 1,10,000 | 30,000 |
| 13 | ജാന<br>പ്ലാവിള വീട് | 80,000 | 1,00,000 | 20,000 |
| | ആകെ | | | 2,92,000 |

മേൽ ഗുണഭോക്താക്കൾക്ക് അധികമായി നല്കിയ 2,92,000 രൂപ അവരിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. 2,92,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-13 മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

2016-17 സാമ്പത്തികവർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ 2 പ്രോജക്ടുകൾക്കായി 10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായി ബിൽ നം.3/16-17/31.3.17 പ്രകാരം 449844 രൂപയും ബിൽ നം. 4/16-17/31.3.17 പ്രകാരം 535296 രൂപയും ചെലവഴിച്ചു. സൈക്കിൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ദി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് , പത്തനംതിട്ട എന്നസ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

പ്രോജക്ട് നം.S046/16-17

| ഇനം | എണ്ണം | തുക | ആകെ(നികുതി ഉൾപ്പെടെ) |
|---|---|---|---|
| Cycle Bhogal viva-26 | 55 | 3758 | 217024 |
| Cycle Bhogal DNS contra-26 | 59 | 3758 | 232813.68 |
| ആകെ | | | 449837.68 |

പ്രോജക്ട് നം.S061/16-17

| ഇനം | എണ്ണം | തുക | ആകെ(നികുതി ഉൾപ്പെടെ) |
|---|---|---|---|
| Cycle Bhogal viva-26 | 36 | 3748 | 217217024 |
| Cycle Bhogal viva-26 | 50 | 3748 | 196770 |
| Cycle Bhogal DNS contra-26 | 50 | 3748 | 196770 |
| ആകെ | | | 535214 |

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടികയിൽ ടി പ്രോജക്ടുകൾ ബ്ലോക്കുപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെടുന്നതല്ല.

കൂടാതെ , 12-ാം സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/2016 തസ്വഭവ 11.1.16 പ്രകാരം ടി പ്രോജക്ടുകൾ ബ്ലോക്കപഞ്ചായത്തുകൾ ഏറ്റെടുത്തു നടപ്പാക്കാൻ പാടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നലകിയ എൻക്വയറിക്ക്(നം.2/27.10.16) മറുപടിയായി ഈ പദ്ധതി ബ്ലോക്കപഞ്ചായത്ത് ഏറ്റെടുത്ത് നടത്താൻ പാടില്ല എന്ന വ്യവസ്ഥയിൽ നിന്നും പട്ടികജാതി വിഭാഗത്തിനെ ഒഴിവാക്കിയിട്ടുണ്ട് എന്ന പരിഷ്കരിച്ച സബ്സിഡി മാർഗ്ഗരേഖയിൽ പേജ് നം.170, ക്രമ നം. 5-ൽ പ്രതിപാദിച്ചിട്ടുണ്ട് എന്നറിയിച്ചു. എന്നാൽ ടി മാർഗ്ഗരേഖയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങൽ ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി ഏറ്റെടുക്കാവുന്നതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ടി പ്രോജക്ടിനായി ചെലവഴിച്ച 985051.68/-രൂപ (535214+449837.68) ൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അച്ചൻകോവിലാറിന് വടക്കേക്കര 10-ാം ബ്ലോക്ക് മുതൽ ഇച്ചമറ്റിൻ ഭാഗം വരെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 12/16-17 /10.3.17 | 270000 | 270000 | - |
| കേരള വാട്ടർ അതോറിറ്റി | ഏത്തുർ വിളക്കുപാറ പൈപ്പ് ലൈൻ നീട്ടൽ | 13/16-17 /10.3.17 | 500000 | 500000 | - |
| കേരള വാട്ടർ അതോറിറ്റി | കാരോട്ട്കാവ് പന്തടിമുകൾ പൈപ്പ് ലൈൻ നീട്ടൽ | 33/16-17 /31.3.17 | 300000 | 300000 | - |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന

വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നപലിശ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ മാത്ര സർവ്വീസ് സഹകരണ ബാങ്ക് | 11.9.13 | 1917959 | 2322932 | 1848519 | 404973 | 69440 |
| പി.എം.എ.വൈ അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 11.9.13 | 1515072 | 1946545 | 1515072 | 458439 | 0 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം- | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 | - | 2001-2002 | 1-2 | ആംബുലൻസ് ഷെഡ് നിർമ്മാണം 21394 രൂപയുടെ അധിക ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 1999-2000 | 20 | 2002-2003 | VII 2-4-1 | ആംബുലൻസിൽ നിന്നുള്ള വരവ് ധനദുർവിനിയോഗം | വിശദാംശങ്ങൾ ലഭ്യമല്ല. |

| | | | | | |
|---|---|---|---|---|---|
| 2000-2001 | 3-1 | 2004-2005 | ll 2-1 | കാർഷിക മേള നടത്തിയതിൽ അനധികൃത ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2011-12 | 3-43 | 2013-14 | 5-3-15 | കരുകോൺ വനിത പ്രവർത്തന കേന്ദ്രം | വിശദാംശങ്ങൾ ലഭ്യമല്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 138719870 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 125478636 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 386158 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4008209.68 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-10 | | 74085 | ശ്രീ.ബി.വിജയകുമാർ,അസി.എക്സി.എൻജിനീയർ |
| 3-11 | | 20073 | ശ്രീ.ബി.വിജയകുമാർ,അസി.എക്സി.എൻജിനീയർ |
| 3-12 | | 292000 | ശ്രീമതി.സൗമ്യഗോപാലകൃഷ്ണൻ,സെക്രട്ടറി |
| ആകെ | | 3,86,158 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 183180 | ശ്രീമതി.സുധാമണി,സി.ഡി.പി.ഒ |
| 3-3 | 170217 | ശ്രീമതി.സൗമ്യഗോപാലകൃഷ്ണൻ,സെക്രട്ടറി |
| 3-6 | 699761 | ഡോ.ഹരീഷ് ,മെഡിക്കൽ ഓഫീസർ സി.എച്ച്.സി ,കുളത്തുപ്പുഴ |
| 3-7 | 1070000 | ശ്രീമതി.സൗമ്യഗോപാലകൃഷ്ണൻ,സെക്രട്ടറി |
| 3-8 | 600000 | ശ്രീമതി.സബിത.പി,എസ്.സി.ഡി.ഒ |
| 3-9 | 300000 | ശ്രീമതി.സൗമ്യഗോപാലകൃഷ്ണൻ,സെക്രട്ടറി |

| | | |
|---|---|---|
| 3-13 | 985051.68 | ശ്രീമതി.സബിത.പി, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 4008209.68 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സൗമ്യഗോപാലകൃഷ്ണൻ,സെക്രട്ടറി | സെക്രട്ടറി, അഞ്ചൽ ബ്ലോക്കുപഞ്ചായത്ത് | ഇടയില വീട്,ഭാരതീപുരം ഏരൂർ.പി.ഒ അഞ്ചൽ കൊല്ലം 691312 |
| ശ്രീ.ബി.വിജയകുമാർ,അസി.എക്സി.എൻജിനീയർ | | കർണികാരം 15A, പട്ടത്താനം നഗർ പട്ടത്താനം പി.ഒ കൊല്ലം 691021 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ | ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാ |
|---|---|---|---|

| നം | വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ക്കാൻ ശേഷി ക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 2 | 1997-98 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 3 | 1998-99 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 4 | 1999-2000 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 5 | 2000-01 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 6 |
| 6 | 2001-02 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 3 |
| 7 | 2002-03 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 8 | 2003-04 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 8 |
| 9 | 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |

| | | | |
|---|---|---|---|
| 10 | 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 5 |
| 11 | 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി.1377(2)- തീയതി 23-06-2014 | 13 |
| 12 | 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.1377(3)- തീയതി 23-06-2014 | 7 |
| 13 | 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.1377(4)- തീയതി 23-06-2014 | 14 |
| 14 | 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1377(5)- തീയതി 27-06-2014 | 7 |
| 15 | 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1377(6)- തീയതി 27-06-2014 | 6 |
| 16 | 2011-12&<br>2012-13 | എൽ.എഫ്.ക്യൂ.ഡി.ബി.790/14- തീയതി 07-11-14 / 30-01-2015 | 42 |
| 17 | 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 1734/16,20.02.17457/ | |
| 18 | 2015-16 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 457/17/13.3.17 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.എൽ.എം-പി1-2005/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി, 27/11/2017.

## സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.